ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും,
തിരുവനന്തപുരം
ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം
(ഹാജർ- ബിനോയി ടോമി ജോർജ്ജ്)

വിഷയം : ജലസേചനം - ജീവനക്കാര്യം - ഡ്രൈവർ തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാർക്ക് അനുപാത സ്ഥാനക്കയറ്റം (Ratio Promotion) നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1) 19.10.2017 തീയതിയിലെ സ.ഉ (അച്ചടി) 515/2007/ധന നമ്പർ സർക്കാർ ഉത്തരവ്

2) 10.02.2021 ലെ സ.ഉ (അച്ചടി) 27/2021/ധന നമ്പർ സർക്കാർ ഉത്തരവ്

3) ഈ ഓഫീസിലെ 02.07.2024 തീയതിയിലെ IC2-8415/2023 നമ്പർ ഉത്തരവ്

**ഉത്തരവ് നം.CEIA/6541/2025-B7 തിയതി - 19-11-2025**

പരാമർശം (3) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഈ വകുപ്പിൽ വിവിധ വിഭാഗം ഡ്രൈവർ തസ്തികകളിൽ ജോലി നോക്കുന്ന താഴെ പറയുന്ന ജീവനക്കാർക്ക് ഭാഗം II, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 28b (ii) ലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (2) സർക്കാർ ഉത്തവിൽ നിഷ്കർഷിക്കും പ്രകാരം അനുപാത സ്ഥാനക്കയറ്റം (Ratio Promotion) നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡ്രൈവർ ഗ്രേഡ് 1 തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരെ 31100-66800 രൂപ ശമ്പള നിരക്കിൽ സീനിയർ ഗ്രേഡ് ഡ്രൈവർമാരായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

| ക്രമ നം. | സീനിയോറിറ്റി നമ്പർ | പേര് | പെൻ നമ്പർ | ജനന തീയതി | ജലസേചന വകുപ്പിൽ പ്രവേശിച്ച തീയതി | പ്രൊമോഷൻ ലഭിക്കുന്ന തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | 86 | കൃഷ്ണകുമാർ.എൻ | 704341 | 05.05.1973 | 30.07.2012 | 20.09.2025 | |
| 2 | 87 | നജീബ്.എ | 705534 | 15.05.1978 | 23.08.2012 | 01.11.2025 | |

ഡ്രൈവർ ഗ്രേഡ് 2 തസ്തികയിൽ ജിലിനോക്കുന്ന ജീവനക്കാരെ 27900-63700 രൂപ ശമ്പള സ്കെയിലിൽ ഡ്രൈവർ ഗ്രേഡ് - 1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു.

| ക്രമ നം. | സീനിയോറിറ്റി നമ്പർ | പേര് | പെൻ നമ്പർ | ജനന തീയതി | ജലസേചന വകുപ്പിൽ പ്രവേശിച്ച തീയതി | പ്രൊമോഷൻ ലഭിക്കുന്ന തീയതി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 155 | സജയകുമാർ.എം.ജി | 863892 | 12.02.1984 | 20.01.2020 | 20.09.2025 | |
| 2 | 156 | സുധീഷ്.കെ.സി | 888014 | 27.05.1974 | 05.10.2019 | 01.11.2025 | |

അനുപാത സ്ഥനക്കയറ്റം അനുവദിച്ചിട്ടുള്ള ടി ജീവനക്കാരുടെ ശമ്പളം സ്ഥാനക്കയറ്റ തസ്തികകളിൽ ഭാഗം - 1, കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം നിജപ്പെടുത്തേണ്ടതും, ആയതിന്റെ വിവരം ജീവനക്കാരുടെ സേവന പുസ്തകത്തിൽ / സ്പാർക്ക് ഡേറ്റാബേസിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ ഉത്തരവ് തീയതിയ്ക്ക് മുൻപ് തീയതി മുതൽ സ്ഥാനക്കയറ്റ പ്രാബല്യം അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ജീവനക്കാരുടെ ശമ്പള നിർണയത്തിന്റെ വെളിച്ചത്തിലുള്ള ശമ്പള കുടിശ്ശിക പരാമർശം (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം ഈ ഉത്തരവ് തീയതിയ്ക്ക് ഒരു വർഷം മുൻപ് മുതലുള്ള കാലയളവ് മുതൽ മാത്രം അർഹതയുള്ളതും, ഉത്തരവ് തീയതിയിലോ, ആയതിന് ശേഷമോ സ്ഥാനക്കയറ്റ പ്രാബല്യം അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് സ്ഥാനക്കയറ്റ പ്രാബല്യ തീയതി മുതൽ ശമ്പള കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**Signed by Binoy Tomy George**
**Date: 19-11-2025 14:27:54**
ചീഫ് എഞ്ചിനീയർ

പകർപ്പ്:- 1.ബന്ധപ്പെട്ട ജീവനക്കാർക്ക് (ഓഫീസ് മേധാവി മുഖാന്തിരം)
2. ഐ ടി സെൽ ( വകുപ്പുതല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
3.കരുതൽ ഫയൽ / ഓഫീസ് പകർപ്പ്